ക്ഷണ വിഷയങ്ങളിൽ 6 മാസത്തെ പരിശീലനം നൽകി ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നൽകിവരുന്നു. 405 പേർക്ക് ഇതിനകം പരിശീലനം നൽകിയിട്ടുണ്ട്. 600 പേർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സംസ്ഥാനത്തെ രക്തബാങ്കുകൾ

**26 (*326)**ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര രക്തബാങ്കുകൾ ഉണ്ട്, ഇവയിൽ എത്ര എണ്ണം സർക്കാർ ഉടമസ്ഥതയിലുള്ളതാണെന്ന് അറിയിക്കുമോ;

(ബി) ബ്ലഡ് ബാങ്കുകളിൽ പ്രൊഫഷണൽ രക്തവിൽപ്പനക്കാർ രക്തം ഇടയ്ക്കിടെ നൽകുന്നതുമൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) രക്തബാങ്കുകളിലെ രക്തം രോഗാണു വിമുക്തമാണെന്ന് ഉറപ്പു വരുത്തുന്നുണ്ടോ;

(ഡി) സംസ്ഥാനത്തെ വിദ്യാലയങ്ങൾ, ഓഫീസുകൾ തുടങ്ങിയ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടേയും, ജീവനക്കാരുടേയും രക്തഗ്രൂപ്പിംഗ് നടത്തുവാനും രക്തദാതാക്കളുടെ സമിതിയുണ്ടാക്കുവാനുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) :

(എ) സംസ്ഥാനത്ത് 107 രക്ത ബാങ്കുകൾ ഉണ്ട്. ഇവയിൽ 30 എണ്ണം സർക്കാർ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്നു.

(ബി) ഇല്ല. പ്രൊഫഷണൽ രക്തദാനം 1998 ജനുവരി മുതൽ നിർത്തലാക്കിയിരിക്കുകയാണ്.

(സി) ഉണ്ട്

(ഡി) എല്ലാ വിഭാഗം ജനങ്ങൾക്കും സ്വമേധയാ പ്രതിഫലേച്ഛ കൂടാതെ രക്തം ദാനംചെയ്യുവാനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. കൂടാതെ ഇതിനായി സന്നദ്ധസംഘടനകൾ പ്രവർത്തിച്ചുവരുന്നു.

## ഉൾനാടൻ ജലഗതാഗതവുമായി ബന്ധപ്പെട്ട വിനോദസഞ്ചാര പദ്ധതി

**27 (*327)**ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എം. ദാസൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly